# എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം 2022
## (20.06.2022 തിങ്കൾ)

നായർ സർവീസ് സൊസൈറ്റിയുടെ 108-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 20.6.2022-ന് പെരുന്ന എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ നടന്നു. പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻനായരുടെ അഭാവത്തിൽ യോഗനിശ്ചയപ്രകാരം ഡയറക്ടർ ബോർഡ് അംഗം അഡ്വ. എ. സുരേശൻ അദ്ധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2022-23 വർഷത്തേക്കുള്ള 138 കോടി രൂപാ വരവും അത്രയുംതന്നെ ചെലവും വകയിരുത്തിയ ബഡ്ജറ്റ് അവതരിപ്പിച്ചു. 2011-12 വർഷത്തിൽ 76 കോടി 25 ലക്ഷം രൂപ വരവും അത്രയുംതന്നെ ചെലവും ആണ് വകയിരുത്തിയിരുന്നത്. പത്തുവർഷത്തിനുശേഷം 138 കോടി രൂപ വരവും അത്രയുംതന്നെ ചെലവും ഉൾക്കൊള്ളിച്ചിരിക്കുന്ന ബഡ്ജറ്റ് ആയി മാറിയിട്ടുണ്ട്.

പതിവുപോലെ, മന്നംസമാധിയിൽ ജനറൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനു ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു. 138 കോടി രൂപാ വരവും, അത്രയുംതന്നെ രൂപാ ചെലവുമാണ് 2022-23 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എൻ.എസ്.എസ്. സ്ഥാപനങ്ങളുടെ നവീകരണത്തിനും വികസനത്തിനും കാർഷികരംഗത്തെ വളർച്ചയ്ക്കും ഊന്നൽ നല്കിക്കൊണ്ട് ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റ് യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു.

സമുദായനീതിക്കും സാമൂഹികനീതിക്കും വേണ്ടിയുള്ള നിലപാടുകൾ എൻ.എസ്.എസ്സിന് എന്നുമുണ്ടാവും. സർക്കാരുകളുടെ തെറ്റായ നയങ്ങളെ എതിർക്കുക എന്നതും, നല്ല കാര്യങ്ങളോട് സഹകരിക്കുക എന്നതും എൻ.എസ്.എസ്സിന്റെ പൊതുനയമാണ്. ഗവണ്മെന്റുകളോട് ഇനിയും അതേ നയം തുടരുകതന്നെ ചെയ്യും. എൻ.എസ്.എസ്സിന് രാഷ്ട്രീയമില്ല. എല്ലാ രാഷ്ട്രീയപ്പാർട്ടികളോടും സമദൂരനിലപാട് ആയിരിക്കും സ്വീകരിക്കുക. ഒരു രാഷ്ട്രീയപ്പാർട്ടിയുടെയും ആഭ്യന്തരപ്രശ്നങ്ങളിൽ എൻ.എസ്.എസ്. ഇടപെടില്ല, അതുപോലെതന്നെ രാഷ്ട്രീയപ്പാർട്ടികൾ എൻ.എസ്.എസ്സിന്റെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടാൻ അനുവദിക്കുകയുമില്ല എന്നുള്ള എൻ.എസ്.എസ്സിന്റെ നിലപാട് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ ജനറൽ സെക്രട്ടറി വ്യക്തമാക്കി.

ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് എം. സംഗീത്കുമാർ (തിരുവനന്തപുരം), കെ.ആർ. ശിവൻകുട്ടി (പന്തളം), സി.പി. ചന്ദ്രൻനായർ (മീനച്ചിൽ), ജി. മധുസൂദനൻപിള്ള (ചിറയിൻകീഴ്), ഡി. അനിൽകുമാർ (തിരുവല്ല), കെ.പി. നാരായണപിള്ള (കുട്ടനാട്), എം.പി. ഉദയഭാനു (തലശ്ശേരി), മാടവന ബാലകൃഷ്ണപിള്ള (കോട്ടയം), ആർ. ഹരിദാസ് ഇടത്തിട്ട (പത്തനംതിട്ട) എന്നിവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

പ്രസിഡന്റുസ്ഥാനത്തേക്ക് ഡോ. എം. ശശികുമാറും ട്രഷറർ ആയി അഡ്വ. എൻ.വി. അയ്യപ്പൻപിള്ളയും തിരഞ്ഞെടുക്കപ്പെട്ടു.

എൻ.എസ്.എസ്. ഇലക്ഷൻ ഓഫീസർ അഡ്വ. അനിൽ ഡി. കർത്താ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിച്ചു.

ഡയറക്ടർ ബോർഡിൽ നേരത്തെ വന്ന ഒഴിവുകളിലേക്ക് അഡ്വ. കെ. ശ്രീശകുമാർ (കുന്നത്തുനാട്), എസ്. മധു (വൈക്കം) എന്നിവരെ കോ-ഓപ്റ്റ് ചെയ്യുകയും അഡീഷണൽ എക്സ്പെർട്ട് മെമ്പറായി അഡ്വ. വി. വിജുലാലിനെ നിയമിക്കുകയും ചെയ്ത നടപടി യോഗം അംഗീകരിച്ചു.

ആകെയുള്ള 294 പ്രതിനിധികളിൽ 276 പേർ സമ്മേളനത്തിൽ പങ്കെടുത്തു.